**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3776

24/06/2014 ൽ മറുപടിക്ക്

## 'എന്റെ ഗ്രാമം' തൊഴിൽദാന പദ്ധതി

| **ചോദ്യം**<br>ശ്രീ.പി.കെ.ബഷീർ | **ഉത്തരം**<br>ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ "എന്റെ ഗ്രാമം തൊഴിൽദാന പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം മാണെന്ന് വ്യക്തമാക്കുമോ; | (ബി) 1.സ്വയം തൊഴിൽ അധിഷ്ഠിതമായ ഗ്രാമ വ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.<br>2.പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക,അതിലൂടെ തൊഴിൽ രഹിതരായ യുവതിയുവാക്കൾക്ക് അവരവരുടെ പ്രദേശത്ത് തന്നെ തൊഴിൽ അവസരങ്ങൾ സംജാതമാക്കുക.<br>3.സ്ഥിരമായ തൊഴിൽ അവസരങ്ങളിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പു വരുത്തുക.<br>4.തൊഴിലാളികളുടെ കഴിവ് വർദ്ധിപ്പിക്കുകയും അതിലൂടെ അവരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യുക.<br>5.ചെറുകിട വ്യവസായ മേഖലയ്ക്ക് കൂടുതൽ വായ്പകൾ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക. |
| (സി) പ്രസ്തുത പദ്ധതി അനുസരിച്ച് ഏതെല്ലാം വിഭാഗക്കാർക്കാണ് സഹായം നൽകുന്നത് ; സബ്സിഡി നൽകുന്നുണ്ടോ ;വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) എന്റെ ഗ്രാമം - പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 25%,പിന്നോക്ക വിഭാഗങ്ങൾക്കും സ്ത്രീകൾക്കും 30%,പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 40% മാർജിൻ മണിയായി(സബ്സിഡി) |

ആനുകൂല്യം ലഭിക്കുന്നു. ഈ സ്കീം പ്രകാരം യൂണിറ്റ് നടത്തുന്നവർക്ക് വില്പന നികുതിയിളവ് ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ ഈ യൂണിറ്റുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ ഖാദി ബോർഡിന്റെ വിപണന കേന്ദ്രങ്ങൾ വഴി വില്പന നടത്താൻ അവസരമൊരുക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ